REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-04-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- മൂന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനു വിജ്ഞാപനം ഇന്ന്. 10 സംസ്ഥാനങ്ങളിലെയും, 2 കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും 94 സീറ്റുകളിൽ വോട്ടെടുപ്പ് അടുത്ത മാസം 7 ന്.
- സംസ്ഥാനത്ത് വോട്ടെടുപ്പിന് രണ്ടാഴ്ച മാത്രം ബാക്കി നിൽക്കെ പ്രചാരണം കൂടുതൽ ശക്തമായി.
- പോളിംഗ് ഡ്യൂട്ടി ഉദ്യോഗസ്ഥർക്ക് നിശ്ചിത സമയപരിധിക്കകം തപാൽ വോട്ടിന് അപേക്ഷിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
- ഉഷ്ണതരംഗ കാലത്തെ തയ്യാറെടുപ്പുകൾ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന യോഗം അവലോകനം ചെയ്തു.
- പാലക്കാട് പുഴയിൽ കുളിക്കാനിറങ്ങിയ ബന്ധുക്കളായ മൂന്ന് വിദ്യാർത്ഥികൾ മുങ്ങി മരിച്ചു.
- ISL ഫുട്ബോളിൽ ലീഗ് ഘട്ടത്തിലെ അവസാനമത്സരത്തിൽ കേരളബ്ലാസ്റ്റേഴ്സ് ഇന്ന് ഹൈദരാബാദ് FC-യെ നേരിടും.

## വാർത്തകൾ വിശദമായി

മൂന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനു തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് വിജ്ഞാപനം പുറപ്പെടുവിക്കും. 10

സംസ്ഥാനങ്ങളിലെയും, 2 കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും 94 സീറ്റുകളിലാണ് മൂന്നാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കാൻ ഈ മാസം 19 വരെയാണ് സമയം. അടുത്ത മാസം 7 നാണ് വോട്ടെടുപ്പ്.

✪✪✪

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന് രണ്ടാഴ്ച മാത്രം ബാക്കി നിൽക്കെ പ്രചാരണം കൂടുതൽ ശക്തമായി. 20 മണ്ഡലങ്ങളിലും മൂന്ന് മുന്നണികളും വിജയ പ്രതീക്ഷയുമായി പ്രചാരണം കൊഴുപ്പിക്കുകയാണ്. അണികളിൽ ആവേശം പകർത്തുന്നതിന് ദേശീയ നേതാക്കളും വരും നാളുകളിൽ സംസ്ഥാനത്ത് എത്തും.

പ്രധാനമന്ത്രി നരേന്ദ്രമോദി NDA പ്രചാരണത്തിനായി തിങ്കളാഴ്ച തിരുവനന്തപുരത്തെത്തും. കാട്ടാക്കട ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ പ്രധാനമന്ത്രിക്കൊപ്പം തിരുവനന്തപുരം, ആറ്റിങ്ങൽ മണ്ഡലങ്ങളിലെ NDA സ്ഥാനാർത്ഥികളും സംബന്ധിക്കും.

കോൺഗ്രസ്സ് നേതാവ് രാഹുൽ ഗാന്ധി തിങ്കളാഴ്ച്ച വൈകിട്ട് കോഴിക്കോട് കടപ്പുറത്ത് നടക്കുന്ന UDF റാലിയിലും പൊതുസമ്മേളനത്തിലും പങ്കെടുക്കും.

മുഖ്യമന്ത്രി പിണറായി വിജയൻ LDF-നായി മണ്ഡലങ്ങളിൽ പ്രചാരണം തുടരുകയാണ്.

✪✪✪

പോളിംഗ് ഡ്യൂട്ടി ഉദ്യോഗസ്ഥർക്ക് നിശ്ചിത സമയപരിധിക്കകം തപാൽ വോട്ടിന് അപേക്ഷിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ഫോം 12ൽ തിരഞ്ഞെടുപ്പിന് ഏഴു ദിവസം മുൻപ് വരണാധികാരിക്ക് അപേക്ഷ സമർപ്പിക്കണം. വോട്ടർ പട്ടികയിൽ പേരുള്ള മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി നിയോഗിച്ച ഉദ്യോഗസ്ഥർക്ക് ഫോം 12A ൽ തിരഞ്ഞെടുപ്പിന് നാലു ദിവസം മുൻപുവരെ അപേക്ഷ സമർപ്പിക്കാം.

വരണാധികാരികൾ അപേക്ഷകന് ഫോം 12B ൽ ഇലക്ഷൻ ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകും.

✪✪✪

സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് പ്രധാന പ്രൊജക്ടുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭ്യമായിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി മിനാക്ഷി ലേഖി കോഴിക്കോട് പറഞ്ഞു. ദേശിയ പാത വികസനവും പാലക്കാട് - കോഴിക്കോട്, ഗ്രീൻഫീൽഡ് പാതയും അമൃത് പദ്ധതിയും കൊച്ചി വാട്ടർ മെട്രോ പദ്ധതിയും ഇതിന് ഉദാഹരണമാണെന്ന് അവർ പറഞ്ഞു.

✪✪✪

കനത്ത ചൂടിനെപോലും വകവയ്ക്കാതെ വയനാട്ടിലും തെരഞ്ഞെടുപ്പ് പ്രചാരണം ചൂട് പിടിച്ചിരിക്കുകയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്

............വോയ്സ്............

✪✪✪

ലോക്സഭ പൊതു തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് മലപ്പുറം ജില്ലയിൽ ഡ്യൂട്ടിക്ക് നിയോഗിച്ച ഉദ്യോഗസ്ഥർക്കായി ഇന്നും നാളെയും നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാംഘട്ട പരിശീലന പരിപാടി ഈമാസം 17, 18 തീയതികളിലേക്ക് മാറ്റിയതായി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ അറിയിച്ചു. വേദികളിലോ സമയത്തിലോ മാറ്റമില്ല.

✪✪✪

ലോകസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്കു പരിശീലനത്തിൽ മാറ്റം. ഈ മാസം 15, 16, 17 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന പരിശീലനം 18, 19, 20 തീയതികളിലേക്ക് മാറ്റിയതായി കോഴിക്കോട് ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം ഡെപ്യൂട്ടി കലക്ടർ അറിയിച്ചു. അതേസമയം, ഏപ്രിൽ 18നു പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ നേരത്തെ നിർദ്ദേശം ലഭിച്ചിരുന്നവർ അതേ ദിവസം തന്നെ പങ്കെടുക്കണം.

✪✪✪

കണ്ണൂർ ലോക്സഭാ മണ്ഡലത്തിലെ ഏഴ് നിയമസഭ മണ്ഡലങ്ങളിലേക്കു പോസ്റ്റൽ ബാലറ്റിന്റെ സൂക്ഷ്മ പരിശോധനയും വിതരണവും നടന്നു. 14, 800 പോസ്റ്റൽ ബാലറ്റുകളാണ് A.R.O മാർക്ക് വിതരണം ചെയ്തത്. ഭിന്നശേഷിക്കാർ, 85 വയസ്സു കഴിഞ്ഞ മുതിർന്ന പൗരൻമാർ,

അവശ്യസർവീസ് ആബ്സന്റി വോട്ടർമാർ എന്നിവരെ വോട്ട് ചെയ്യിക്കുന്നതിന് പോസ്റ്റൽ ബാലറ്റുകളാണ് കൈമാറിയത്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘനങ്ങൾ പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കിയ സി-വിജിൽ മൊബൈൽ ആപ്ലിക്കേഷനിലൂടെ പത്തനംതിട്ട ജില്ലയിൽ ഇതുവരെ 5,052 പരാതികൾ ലഭിച്ചു. 4,939 പരാതികൾ പരിഹരിച്ചു. 10 പരാതികളിൽ നടപടി പുരോഗമിക്കുന്നു. 103 പരാതികൾ കഴമ്പില്ലാത്തവയാണെന്ന് കണ്ടെത്തി ഉപേക്ഷിച്ചു.

✪✪✪

വടകര ലോക്സഭ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തിയ പോലീസ് നിരീക്ഷകൻ അശോക് കുമാർ സിംഗിന് നേരിൽ പരാതി നൽകാം. രാവിലെ 10 മുതൽ 11 വരെ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കോ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കോ പരാതികൾ ഫോൺ, ഇ-മെയിൽ മുഖേന അറിയിക്കാമെന്ന് ഒബ്സർവർ സെൽ നോഡൽ ഓഫീസർ അറിയിച്ചു.

✪✪✪

ഉഷ്ണതരംഗ കാലത്തെ തയ്യാറെടുപ്പുകൾ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന യോഗം അവലോകനം ചെയ്തു.

**ന്യൂസ് ഡസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**...............വോയ്സ് .............**

**ഏപ്രിൽ മുതൽ ജൂൺ വരെ കാലയളവിലെ താപനില വീക്ഷണവും വരാനിരിക്കുന്ന ചൂടു കാലാവസ്ഥയെക്കുറിച്ച് പ്രവചനങ്ങളും രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും, പ്രത്യേകിച്ച് മധ്യ ഇന്ത്യയിലും പടിഞ്ഞാറൻ പ്രദേശങ്ങളിലും പരമാവധി താപനിലയുണ്ടാകാൻ സാധ്യതയുണ്ടെന്നതും യോഗത്തിൽ, പ്രധാനമന്ത്രിയെ ധരിപ്പിച്ചു. അവശ്യ മരുന്നുകൾ, ORS, കുടിവെള്ളം എന്നിവയുൾപ്പെടെ ആരോഗ്യമേഖലയിലെ തയ്യാറെടുപ്പുകൾ യോഗം അവലോകനം ചെയ്തു. ടെലിവിഷൻ, റേഡിയോ, സോഷ്യൽ മീഡിയ തുടങ്ങിയ എല്ലാ പ്ലാറ്റ്ഫോമുകളിലൂടെയും പ്രത്യേകിച്ച് പ്രാദേശിക ഭാഷകളിൽ ബോധവൽക്കരണം സമയബന്ധിതമായി പ്രചരിപ്പിക്കണമെന്ന് യോഗം നിർദേശിച്ചു.**

**കേന്ദ്ര, സംസ്ഥാന, ജില്ലാ തലങ്ങളിലെ ഗവൺമെന്റിന്റെ എല്ലാ വിഭാഗങ്ങളും വിവിധ മന്ത്രാലയങ്ങളും ഇക്കാര്യത്തിൽ സമന്വയത്തോടെ പ്രവർത്തിക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. കാട്ടുതീ വേഗത്തിൽ കണ്ടെത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം എടുത്തുപറഞ്ഞു.**

**പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തര സെക്രട്ടറി, ഇന്ത്യൻ കാലാവസ്ഥാ വകുപ്പിലെയും ദേശീയ**

ദുരന്തനിവാരണ അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്ത് കടുത്ത ചൂട് തുടരുന്നു. ഇന്ന് വയനാട്, ഇടുക്കി ഒഴികെ ജില്ലകളിൽ കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത നിർദേശം നൽകി.

പാലക്കാട് ജില്ലയിൽ തിങ്കളാഴ്ച വരെ താപനില 40 ഡിഗ്രി സെൽഷ്യസ് വരെയും തൃശൂരിൽ 39 ഡിഗ്രി വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയർന്നേക്കാം.

✪✪✪

കൊല്ലം ജില്ലയിൽ കാലാവസ്ഥ മുന്നറിയിപ്പ് പ്രകാരം ഉഷ്ണതരംഗം തുടരുമെന്നും അതീവജാഗ്രത വേണമെന്നും ജില്ല ദുരന്തനിവാരണ അതോറിറ്റി അധ്യക്ഷനായ ജില്ലാ കലക്ടർ എൻ. ദേവിദാസ് മുന്നറിയിപ്പ് നൽകി. നാളെ വരെ താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരാനാണ് സാധ്യത. ജില്ലയിൽ അഞ്ചുപേർക്ക് സൂര്യാതപം ഏറ്റു.

അഞ്ചൽ, തെന്മല എന്നിവിടങ്ങളിലാണ് തുടർച്ചയായ ദിവസങ്ങളിൽ വളരെ ഉയർന്ന താപനില രേഖപ്പെടുത്തിയത്.

✪✪✪

പാലക്കാട് കരിമ്പുഴ കൂട്ടിലക്കടവ് ചെറുപുഴയിൽ കുളിക്കാനിറങ്ങിയ ബന്ധുക്കളായ മൂന്ന് വിദ്യാർത്ഥികൾ മുങ്ങി മരിച്ചു. ചെർപ്പുളശേരി സ്വദേശി റിസ്വാന, മണ്ണാർക്കാട് കെടുവാളിക്കുണ്ട് ദീമ മെഹ്ബ, പുറ്റാനിക്കാട് ഇബ്രാഹിം ബാദുഷ എന്നിവരാണ് മരിച്ചത്. ഇന്നലെ വൈകീട്ടാണ് സംഭവം. ചെറുപുഴ പാലത്തിന് സമീപം കുളിക്കാനിറങ്ങി ഒഴുക്കിൽ പെട്ട ഇവരെ നാട്ടുകാർ കരയ്ക്ക് കയറ്റി ആശുപത്രയിൽ എത്തിച്ചെങ്കിലും രക്ഷിക്കാൻ ആയില്ല.

✪✪✪

ബുധനാഴ്ച അന്തരിച്ച സിനിമാ സംവിധായകനും നിർമാതാവും ഗാനരചയിതാവുമായ ഉണ്ണി ആറന്മുള എന്ന K.R. ഉണ്ണികൃഷ്ണൻ നായരുടെ സംസ്കാരം ഉച്ചയ്ക്ക് ഇടയാറന്മുള കോട്ടയ്ക്കകത്തെ വീട്ടുവളപ്പിൽ നടത്തും. 68 വയസ്സായ അദ്ദേഹത്തിന്റെ അന്ത്യം ചെങ്ങന്നൂരിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു.

എതിർപ്പുകൾ, സ്വർഗം എന്നീ ചിത്രങ്ങളിലൂടെയാണ് ഉണ്ണി ആറന്മുള ശ്രദ്ധേയനായത്. എതിർപ്പുകൾ എന്ന സിനിമയ്ക്ക് എഴുതിയ മനസ്സൊരു മാന്ത്രിക കുതിരയായ്, പൂ നുള്ളും കാറ്റേ, സ്വർഗം സിനിമയിലെ ഈരേഴു പതിനാല് ലോകങ്ങളിൽ എന്നീ ഗാനങ്ങൾ പഴയ കാല സൂപ്പർ ഹിറ്റുകളായിരുന്നു. ഇതിന് പുറമെ നിരവധി സിനിമകൾക്കായി അദ്ദേഹം ഗാനങ്ങൾ എഴുതിയിട്ടുണ്ട്.

✪✪✪

ISL ഫുട്ബോളിൽ ലീഗ് ഘട്ടത്തിലെ അവസാനമത്സരത്തിൽ കേരളബ്ലാസ്റ്റേഴ്സ് ഇന്ന് കളിക്കാനിറങ്ങും. സീസണിൽ പതിനഞ്ച് കളികളിൽ ഒരു മത്സരം മാത്രം ജയിച്ച ബ്ലാസ്റ്റേഴ്സിന്റെ എതിരാളികൾ ഹൈദരാബാദ് FC-യാണ്. വൈകിട്ട് ഏഴരയ്ക്ക് ഹൈദരബാദിലെ ജി.എം.സി ബാലയോഗി സ്റ്റേഡിയത്തിലാണ് മത്സരം.

ബംഗളുരുവിൽ ഇന്നലെ മോഹൻബഗാൻ സൂപ്പർ ജയന്റ്സ്, ബെംഗളൂരു FC-യെ എതിരില്ലാത്ത നാല് ഗോളുകൾക്ക് തോൽപ്പിച്ചു.

⭘⭘⭘

IPL ക്രിക്കറ്റിൽ റോയൽ ചാലഞ്ചേഴ്സ് ബാംഗ്ളൂരുവിനെ ഏഴ് വിക്കറ്റിന് തോൽപ്പിച്ച മുംബൈ ഇന്ത്യൻസ് ടൂർണമെന്റിലെ രണ്ടാം വിജയം സ്വന്തമാക്കി. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ 197 റൺസ് വിജയ ലക്ഷ്യവുമായി ബാറ്റിങ്ങിനിറങ്ങിയ മുംബൈ ഇന്ത്യൻസ് മൂന്നു വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യത്തിലെത്തി.

ഇന്ന് വൈകിട്ട് ഏഴരയ്ക്ക് ലക്നൗ സൂപ്പർ ജയന്റ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ലക്നൗ അടൽ ബിഹാരി വാജ്പേയ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

⭘⭘⭘

കോഴിക്കോട്ട് ഐ ലീഗ് ഫുട്ബോളിൽ സീസണിലെ അവസാന മത്സരത്തിൽ ഗോകുലം FC ഇന്ന് മണിപ്പൂർ ട്രാവു FC-യെ നേരിടും. വൈകിട്ട് നാലരയ്ക്കാണ് മത്സരം.

✪✪✪

കണ്ണൂർ പാനൂർ ബോംബ് സ്ഫോടനം ദേശീയ അന്വേഷണ ഏജൻസി അന്വേഷിക്കണമെന്ന് UDYF സംസ്ഥാന ചെയർമാൻ രാഹുൽ മാങ്കൂട്ടത്തിലും, കൺവീനർ P.K ഫിറോസും കോഴിക്കോട്ട് ആവശ്യപ്പെട്ടു. ബോംബ് നിർമ്മാണത്തിലെ പ്രധാന സാമഗ്രികളായ സ്ഫോടക വസ്തുക്കളെയും രാസപദാർത്ഥങ്ങളെയും കുറിച്ച് അന്വേഷണം എവിടെയും എത്തിയില്ലെന്ന് അവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. തുടർ അന്വേഷണം നടത്തിയാൽ ഉന്നതരായ പല നേതാക്കളിലും എത്തുമെന്ന ഭയം കൊണ്ടാണ് അന്വേഷണത്തെ അട്ടിമറിക്കുന്നതെന്നും രാഹുൽ മാങ്കൂട്ടത്തിലും പി.കെ ഫിറോസും ആരോപിച്ചു.

✪✪✪

കണ്ണൂർ പാനൂരിൽ ബോംബ് സ്ഫോടനത്തിൽ ഒരാൾ മരിച്ച കേസിൽ റിമാന്റിലായ പ്രതികളെ കസ്റ്റഡിയിൽ വാങ്ങുന്നതിനായി പോലീസ് ഇന്ന് അപേക്ഷ നൽകും. തെളിവെടുപ്പിനും കൂടുതൽ ചോദ്യം ചെയ്യലിനുമായാണ് കസ്റ്റഡിയിൽ വാങ്ങുന്നത്. തലശ്ശേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് അപേക്ഷ നൽകുക.

✪✪✪

ഭിന്നശേഷി പെൻഷൻ ഉൾപ്പെടെ ക്ഷേമപെൻഷനുകൾ ഗവണ്മെന്റ് നൽകുന്ന സഹായമാണെന്ന് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയ സംസ്ഥാന ഗവണ്മെന്റിന്റെ നടപടിയിൽ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്

സംസ്ഥാന കമ്മിറ്റി പ്രതിഷേധം അറിയിച്ചു. ഇത് 2016 ലെ അവകാശനിയമത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധമാണെന്ന് ഫെഡറേഷൻ ഭാരവാഹികൾ വ്യക്തമാക്കി.ചില ഉദ്യോഗസ്ഥ ലോബികളുടെ ഗൂഢനീക്കമൊണിതെന്ന് KFB സംസ്ഥാന ജനറൽ സെക്രട്ടറി കെ.എം അബ്ദുൽ ഹക്കിം തിരുവനന്തപുരത്ത് പറഞ്ഞു.